10. കേരള സംസ്ഥാന ചീഫ് സെക്രട്ടറി
11. കേരള സംസ്ഥാന ലോകായുക്ത
12. കേരള ഉപ ലോകായുക്ത
13. കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വൈസ് ചെയർമാൻ
14. കേരളാ സംസ്ഥാന അഡ്വക്കേറ്റ് ജനറൽ
15. കേരള സംസ്ഥാന മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർ.

(ബി) നടപടികൾ സ്വീകരിക്കുന്നതാണ്.

സ്വകാര്യ സിറ്റി സർവ്വീസ് ബസ്സുകളുടെ അമിത വേഗത നിയന്ത്രിക്കാൻ നടപടി

102 [3507] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകൾക്ക് നഗരാതിർത്തികൾക്കുള്ളിൽ നിശ്ചയിച്ചിട്ടുള്ള വേഗത പരിധി എത്രയാണ്;

(ബി) ഈ പരിധി സ്വകാര്യ സിറ്റി സർവ്വീസ് ബസ്സുകൾ പാലിക്കാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അമിത വേഗതയിൽ ബസ് ഓടിക്കുന്ന സ്വകാര്യ ബസ് ഡ്രൈവർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) സ്വകാര്യ ബസ്സുകൾക്ക് മാത്രമായി നഗരാതിർത്തിക്കുള്ളിൽ വേഗത പരിധി നിശ്ചയിച്ചിട്ടില്ല. എല്ലാ മീഡിയം/ഹെവി/പാസഞ്ചർ വാഹനങ്ങൾക്ക് (കെ. എസ്. ആർ. ടി. സി. ഉൾപ്പെടെ) നഗരാതിർത്തിക്കുള്ളിൽ വേഗത പരിധി മണിക്കൂറിൽ 35 കി. മീറ്ററായി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി, സി) ഉണ്ട്. അമിത വേഗതയിൽ ഓടുന്ന വാഹനങ്ങൾക്ക് എതിരെ നടപടിയെടുക്കുന്നുണ്ട്.

എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും മോട്ടോർ വെഹിക്കിൾസ് ഓഫീസ്

103 [3508] ശ്രീ. തോമസ് ഉണ്ണിയാടൻ:
" ജോസഫ് എം. പുതുശ്ശേരി:
" സ്റ്റീഫൻ ജോർജ്:
" മാണി മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും മോട്ടോർ വെഹിക്കിൾസ് വകുപ്പിന്റെ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ഇത്തരം ഓഫീസുകൾ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതു സംബന്ധിച്ച് വിശദമായി വിവിധ കാര്യങ്ങൾ പരിശോധിച്ചതിനു ശേഷം മാത്രമേ എവിടെയൊക്കെ ഇത്തരം ഓഫീസുകൾ വേണമെന്ന് തീരുമാനിച്ച് നടപടി സ്വീകരിക്കാനാവൂ.

പേരാമ്പ്രയിൽ ജോയിന്റ് ആർ. ടി. ഓഫീസ്

104 [3509] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിൽ ഒരു ജോയിന്റ് ആർ. ടി. ഓഫീസ് അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിൻമേൽ നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സ്വകാര്യ ബസ്സുകളുടെ ആലുവ-പെരുമ്പാവൂർ ദേശസാൽകൃത റൂട്ടിലൂടെ രാത്രികാലങ്ങളിലെ സർവ്വീസ്

105 [3510] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ വഴി സർവ്വീസ് നടത്തുന്ന ദീർഘദൂര സ്വകാര്യ ബസ്സുകൾ ആലുവ-പെരുമ്പാവൂർ ദേശസാൽകൃത റൂട്ടിലൂടെ രാത്രികാലങ്ങളിൽ സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; അല്ലെങ്കിൽ ഇതിനായി ആവശ്യമായ പരിശോധന നടത്തി അനുയോജ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly